**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 783** **06-10-2021 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി കോളനികളുടെ വികസനത്തിനു വേണ്ടി തയ്യാറാക്കിയ അംബേദ്കർ ഗ്രാമം പദ്ധതിയിൽ 2020-21, 2021- 22 വർഷങ്ങളിൽ കോഴിക്കോട് ജില്ലയിൽ നിന്ന് ഏതൊക്കെ കോളനികളെയാണ് തെരെഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തിൽ ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ഉള്ളിശ്ശേരി ഗ്രാമപഞ്ചായത്തിലെ നെല്ലിക്കുന്ന് എസ്.സി.കോളനിയെയും കുന്നമംഗലം നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പെരുവയൽ ഗ്രാമപഞ്ചായത്തിലെ ഗോശാലിക്കുന്ന് എസ്.സി.കോളനിയെയും അംബേദകർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത പ്രവർത്തികൾ ജില്ലാ നിർമ്മിതി കേന്ദ്രം കോഴിക്കോട് മുഖേന നടപ്പിലാക്കി വരുന്നു. 2021-22 സാമ്പത്തിക വർഷത്തിലേയ്ക്ക് കോളനികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കി വരുന്നത് ; | (ബി) | കോഴിക്കോട് ജില്ലയിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തിൽ ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ഉള്ളിശ്ശേരി ഗ്രാമപഞ്ചായത്തിലെ നെല്ലിക്കുന്ന് എസ്.സി.കോളനിയെയും കുന്നമംഗലം നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പെരുവയൽ ഗ്രാമപഞ്ചായത്തിലെ ഗോശാലിക്കുന്ന് എസ്.സി.കോളനിയെയും അംബേദകർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത പ്രവർത്തികൾ ജില്ലാ നിർമ്മിതി കേന്ദ്രം കോഴിക്കോട് മുഖേന നടപ്പിലാക്കി വരുന്നു. 2021-22 സാമ്പത്തിക വർഷത്തിലേയ്ക്ക് കോളനികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ടി പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (സി) | പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| | | | |

| | | | |
|---|---|---|---|
| (ഡി) | കോളനികൾ തെരഞ്ഞെടുക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; ഇതിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് സർക്കാർ ആലോചിക്കുന്നുണ്ടോ? | (ഡി) | ഓരോ നിയോജകമണ്ഡലത്തിലുമുള്ള അടിസ്ഥാന സൗകര്യ വികസനത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നതും മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും വികസന പ്രവർത്തനങ്ങൾ ആവശ്യമുള്ളതുമായ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് ഓരോ കോളനിയിലും ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഓരോ സങ്കേതത്തിന്റെയും വികസനാവശ്യങ്ങൾ വിലയിരുത്തി എം.എൽ.എമാരുടെ മേൽനോട്ടത്തിലാണ് പദ്ധതി നിർവ്വഹണം. ടി പദ്ധതിയിൽ കോളനികളുടെ തെരഞ്ഞെടുപ്പുരീതി, നടത്തിപ്പ് എന്നിവ സംബന്ധിച്ച് സി2/68/2020/ പജപവവിവ നമ്പർ ഫയലിൽ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ